## പതിനാലാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1029** **06/06//2018-ലെ മറുപടി**

**<u>ഡാം റീഹാബിലിറ്റേഷൻ ആന്റ് ഇംപ്രൂവ്മെന്റ് പ്രോഗ്രാം</u>**

| **ചോദ്യം** | **ഉത്തരം** |
|---|---|
| **ശ്രീ. കെ.എൻ.എ.ഖാദർ**<br>**ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ്** | **മാത്യു ടി.തോമസ്**<br>**(ജലവിഭവ വകുപ്പുമന്ത്രി)** |
| എ) കേന്ദ്ര സർക്കാരിന്റെ ഡാം റീഹാബിലിറ്റേഷൻ ആന്റ് ഇംപ്രൂവ്മെന്റ് പ്രോഗ്രാം (ഡ്രിപ്പ്) പ്രകാരം കേരളത്തിൽ നടക്കുന്ന അണക്കെട്ടുകളുടെ സുരക്ഷാ പുനരുദ്ധാരണ പ്രവർത്തനങ്ങൾ ഇപ്പോൾ ഏതു ഘട്ടത്തിലാണ് ; വിശദമാക്കുമോ ; | എ) ലോകബാങ്കിന്റെ സഹായത്തോടെ നടപ്പിലാക്കി വരുന്ന ഡാം റീഹാബിലിറ്റേഷൻ ആന്റ് ഇംപ്രൂവ്മെന്റ് പ്രോജക്ട് (ഡ്രിപ്പ്) പ്രകാരം കേരളത്തിൽ 16 അണക്കെട്ടുകളുടെ സുരക്ഷാ പുനരുദ്ധാരണ പ്രവർത്തനങ്ങൾ നടന്നു വരുന്നു. 2012-ൽ എഗ്രിമെന്റ് വച്ച് ആരംഭിച്ച പ്രസ്തുത പദ്ധതിയ്ക്ക് 360 കോടി രൂപയുടെ പുതുക്കിയ ഭരണാനുമതി നൽകിയിട്ടുണ്ട്. 16 ഡാമുകളെ സിവിൽ, മെക്കാനിക്കൽ, ഇലക്ട്രിക്കൽ എന്നിവയായി തിരിച്ചും ഡാമുകളുടെ സർവ്വിലൻസ്, ഇൻസ്ട്രുമെന്റേഷൻ എന്നിവ ഉൾപ്പെടുത്തിയും 43 പാക്കേജുകളായാണ് നവീകരണ പ്രവർത്തനങ്ങൾ നടത്തുന്നത്. ഇതിൽ 13 പാക്കേജുകൾ. മലമ്പുഴ ( സിവിൽ, മെക്കാനിക്കൽ, ഇലക്ട്രിക്കൽ), പോത്തുണ്ടി (മെക്കാനിക്കൽ), ചുള്ളിയാർ (സിവിൽ, മെക്കാനിക്കൽ, ഇലക്ട്രിക്കൽ), വാഴാനി (സിവിൽ), വാഴാനി (മെക്കാനിക്കൽ) , മീങ്കര (സിവിൽ), മീങ്കര (മെക്കാനിക്കൽ) , പഴശ്ശി (മെക്കാനിക്കൽ), ചിമ്മിണി (മെക്കാനിക്കൽ), പെരിയാർ വാലി ഇറിഗേഷൻ പ്രോജക്ട് (സിവിൽ), പെരിയാർ വാലി ഇറിഗേഷൻ പ്രോജക്ട് (മെക്കാനിക്കൽ), നെയ്യാർ (മെക്കാനിക്കൽ), പീച്ചി (മെക്കാനിക്കൽ) എന്നിവ പൂർത്തീകരിച്ചു. 7 ഇലക്ട്രിക്കൽ പാക്കേജുകൾ റീ-ടെണ്ടർ ചെയ്യേണ്ടതും 4 പാക്കേജുകൾ ഇനി ടെണ്ടർ ചെയ്യേണ്ടതുമുണ്ട്. മറ്റുള്ളവയുമായി ബന്ധപ്പെട്ട പ്രവൃത്തികൾ ഇപ്പോൾ നടന്നു വരുന്നു.. |

ബി)പ്രസ്തുത പദ്ധതിയിലുൾപ്പെടുത്തി എത്ര ഡാമുകളാണ് നവീകരിക്കുന്നതെന്നും ഇതിന്റെ പ്രവർത്തന ചുമതല ആർക്കാണെന്നും അറിയിക്കുമോ ;

ബി) ഈ പദ്ധതിയിലുൾപ്പെടുത്തി 16 ഡാമുകളാണ് നവീകരിക്കുന്നത്. സെൻട്രൽ വാട്ടർ കമ്മീഷന്റെ മുഖ്യ മേൽനോട്ടത്തിൽ പദ്ധതികളുടെ ചീഫ് എഞ്ചിനീയർമാരായ ചീഫ് എഞ്ചിനീയർ, പ്രോജക്ട് I, ചീഫ് എഞ്ചിനീയർ, പ്രോജക്ട് II, ചീഫ് എഞ്ചിനീയർ, ഐ. ഡി. ആർ. ബി, ചീഫ് എഞ്ചിനീയർ . മെക്കാനിക്കൽ എന്നിവർ ഉൾപ്പെട്ട സമിതിയും തങ്ങളുടെ കീഴിലുള്ള ഡാമുകളുടെ നവീകരണ പ്രവർത്തനങ്ങൾക്ക് നേതൃത്വം നല്കി വരുന്നു.

സി) പ്രസ്തുത പദ്ധതി എന്നത്തേയ്ക്ക് പൂർത്തീകരിക്കുമെന്നും ഇതിനായി എത്ര തുക കേന്ദ്ര ഫണ്ട് ലഭിച്ചുവെന്നും അറിയിക്കാമോ ?

സി) ലോകബാങ്ക് സഹായത്തോടെ നടപ്പിലാക്കുന്ന ഡ്രിപ്പ് പദ്ധതിയുടെ പൂർത്തീകരണ കാലാവധി ജൂൺ 2020 വരെയാണ്. ഇതിന് കേന്ദ്ര വിഹിതമൊന്നുമില്ല. 80% ലോകബാങ്ക് വായ്പാ തുകയും 20% സംസ്ഥാന വിഹിതവുമായാണ് പദ്ധതി നടപ്പിലാക്കുന്നത് . ഇതു വരെ 202 കോടി രൂപയാണ് ജല വിഭവ വകുപ്പിന് അനുവദിച്ചത്.

സെക്ഷൻ ഓഫീസർ